ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 26.12.2024** **TIME :12.50 PM**

## പ്രധാന വാർത്തകൾ

1). മലയാളത്തിൻറെ പ്രിയ കഥാകാരൻ എം.ടി.വാസുദേവൻ നായർക്ക് സാംസ്കാരിക കേരളത്തിൻറെ വിട. അന്തിമോപചാരം അർപ്പിക്കാനെത്തി സാമൂഹിക രംഗത്തെ പ്രമുഖർ. രാഷ്ട്രപതിയും, പ്രധാനമന്ത്രിയും അനുശോചനം രേഖപ്പെടുത്തി.

Kerala bids farewell to the literary legend M. T Vasudevan Nair. Thousands paid tribute beloved M.T. The President and the Prime Minister expressed grief on the demise of eminent Malayalam writer.

2) സംസ്കാരം മാവൂർ റോഡ് ശ്മശാനത്തിൽ ഇന്ന് വൈകുന്നേരം ഔദ്യോഗിക ബഹുമതികളോടെ നടക്കും.

MT's funeral will be held this evening at Mavur Road crematorium with official honours.

3) പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. അതുല്യ നേട്ടങ്ങൾ കൈവരിച്ച 17 കുട്ടികൾക്കാണ് പുരസ്കാരങ്ങൾ.

President Draupadi Murmu conferred the 'Pradhan Mantri Rashtriya Bal Puraskar' on 17 children for their exceptional achievements in seven categories in New Delhi today.

4) ദേശീയ താത്പര്യത്തിനാണ് ഏത് ദുർഘട ഘട്ടങ്ങളിലും പ്രഥമ പരിഗണന നൽകേണ്ടതെന്ന് വീർ ബാൽ ദിവസ് പരിപാടിയെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി നരേന്ദ്രമോദി.

Prime Minister Narendra Modi emphasized on the importance of country and national interest while addressing the Veer Baal Diwas at Bharat Mandapam in New Delhi today.

5) 41 ദിവസം നീണ്ട മണ്ഡലകാല തീർത്ഥാടനത്തിന് സമാപനം കുറിക്കുന്ന മണ്ഡലപൂജ ശബരിമലയിൽ ഇന്ന് നടന്നു.

Marking the end of 41 day long Mandala pilgrimage, Mandal Puja held today at Sabarimala Sannidhanam.

6) ബോർഡർ - ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റ് ആദ്യദിനത്തിൽ ഓസിസ് ആറ് വിക്കറ്റിന് 311 റൺസ് എന്ന നിലയിൽ.

India reduced Australia to 311 for 6 at stumps on the opening day of the fourth test match of the Border-Gavaskar Trophy at Melbourne today.

===========================================================

## M T VASUDEVAN NAIR

അതുല്യ കഥാകാരൻ എം.ടി വാസുദേവൻ നായർക്ക് മലയാളത്തിൻറെ വിട. കോഴിക്കോടെ വസതിയിൽ സമൂഹത്തിലെ നാനാതുറയിൽ നിന്നുള്ള നിരവധിപ്പേർ എം.ടിയ്ക്ക് അന്തിമോപചാരം അർപ്പിക്കാൻ എത്തിക്കൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, രാഷ്ട്രീയ നേതാക്കൾ, എം മുകുന്ദൻ, സാറാ ജോസഫ്, മോഹൻലാൽ, ഹരിഹരൻ തുടങ്ങി ചലച്ചിത്ര, സാഹിത്യ മേഖലകളിൽ നിന്നുള്ള ഒട്ടേറെ പ്രമുഖർ ആദരം അർപ്പിക്കാനെത്തി. ഹൃദയ സംബന്ധമായ അസുഖത്തെ തുടർന്ന് കോഴിക്കോട്ടെ ആശുപത്രിയിൽ ചികിത്സയിലിരിക്കെ, ഇന്നലെ രാത്രിയോടെയാണ് അദ്ദേഹം അന്തരിച്ചത്. സംസ്കാരം മാവൂർ റോഡ് ശ്മശാനത്തിൽ വൈകുന്നേരം അഞ്ചിന് ഔദ്യോഗിക ബഹുമതികളോടെ നടക്കും. എം.ടിയോടുള്ള ആദര സൂചകമായി സംസ്ഥാനത്ത് ഇന്നും നാളെയും ഔദ്യോഗികദുഃഖാചരണം പ്രഖ്യാപിച്ചിരിക്കുകയാണ്. മന്ത്രിസഭായോഗവും താലൂക്ക് തല അദാലത്തുകളും ഉൾപ്പെടെ എല്ലാ സർക്കാർ പരിപാടികളും മാറ്റിവച്ചിട്ടുണ്ട്.

==================================================================

**MT DESK REPORT – (INTRO)**

മലയാള സാഹിത്യത്തിൻറെ പ്രൗഢഗംഭീരമായ ഒരു കാലഘട്ടത്തിന് കൂടിയാണ് എം.ടിയുടെ വിടവാങ്ങലിലൂടെ തിരശ്ശീല വീഴുന്നത്. കേരളത്തിൻറെ സാമൂഹിക മാറ്റങ്ങളുടെയും, ജീവിത സംസ്കാരത്തിൻറെയും പ്രതിഫലനമായിരുന്നു അദ്ദേഹത്തിൻറെ രചനകൾ.

**ഒരു റിപ്പോർട്ട്.....**

**(VOICE.....)**

==================================================================

**PRESIDENT–PRIYANKA**

രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ നിരവധി പ്രമുഖർ - എം.ടി. വാസുദേവൻ നായരുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. ഗ്രാമീണ ഇന്ത്യയെ തൻറെ രചനകളിലൂടെ വരച്ചു കാട്ടിയിരുന്ന എം ടിയുടെ വിയോഗം സാഹിത്യ ലോകത്തിന് നികത്താനാവാത്ത നഷ്ടമാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. മാനുഷിക വികാരങ്ങളുടെ ആഴത്തിലുള്ള അവലോകനമായിരുന്നു എം ടി യുടെ കൃതികളെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചന സന്ദേശത്തിൽ കുറിച്ചു. സാഹിത്യത്തെയും സിനിമയെയും പത്രപ്രവർത്തനത്തെയും ഒരുപോലെ സമ്പന്നമാക്കിയ ബഹുമുഖ പ്രതിഭയായിരുന്നു എം ടി എന്ന് ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അനുസ്മരിച്ചു. മലയാളത്തെ ലോക സാഹിത്യത്തിൻറെ നെറുകയിലെത്തിച്ച പ്രതിഭയെയാണ് എംടിയുടെ വിയോഗത്തിലൂടെ നഷ്ടമായതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സാഹിത്യത്തെയും സിനിമയെയും സാംസ്കാരിക ആവിഷ്കാരത്തിന്റെ ശക്തമായ മാധ്യമമാക്കി മാറ്റിയ പ്രതിഭയാണ് എംടിയെന്ന്, പ്രിയങ്ക ഗാന്ധി എം പി അനുശോചന സന്ദേശത്തിൽ കുറിച്ചു.

==================================================================

**REV. PRESIDENT-BAL PURASKAR - (INTRO)**

പ്രധാൻമന്ത്രി രാഷ്ട്രീയ ബാൽ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിച്ചു. ഏഴ് വിഭാഗങ്ങളിലായി അതുല്യ നേട്ടങ്ങൾ കൈവരിച്ച 17 കുട്ടികൾക്കാണ് ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ പുരസ്ക്കാരങ്ങൾ നൽകിയത് . പുരസ്ക്കാര ജേതാക്കളെ അഭിനന്ദിച്ച രാഷ്ട്രപതി, സമാനതകളില്ലാത്ത ഈ നേട്ടങ്ങൾ രാജ്യത്തെ എല്ലാ പൗരന്മാർക്കും പ്രചോദനമാകുമെന്നും അഭിപ്രായപ്പെട്ടു. ഗുരു ഗോവിന്ദ് സിങ്ങിന്റെ പുത്രന്മാരുടെ സമാനതകളില്ലാത്ത ത്യാഗത്തെയും ധൈര്യത്തെയും ബഹുമാനിക്കുന്നതിനാണ് എല്ലാ വർഷവും വീർ ബാൽ ദിവസ് ആചരിക്കുന്നതെന്നും ശ്രീമതി മുർമു പറഞ്ഞു .

**(PRESIDENT BYTE........)**

കല, സംസ്കാരം, ധീരത, നൂതനാശയങ്ങൾ , ശാസ്ത്ര സാങ്കേതിക വിദ്യ, സാമൂഹിക സേവനം, കായികം, പരിസ്ഥിതി എന്നീ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ചാണ് പുരസ്ക്കാരം നൽകുന്നത്.

==============================================================

**PM - VEER BAAL DIWAS - (INTRO)**

ദേശീയ താത്പര്യത്തിനാണ് ഏത് ദുർഘട ഘട്ടങ്ങളിലും പ്രഥമ പരിഗണന നൽകേണ്ടതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. വീർ ബാൽ ദിവസ് പരിപാടിയെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. യുവശക്തി ചരിത്രത്തിലുടനീളം ഇന്ത്യയുടെ പുരോഗതിയിൽ വലിയ പങ്കുവഹിച്ചതായും അദ്ദേഹം പറഞ്ഞു.

**(PM VOICE.........)**

ഗുരു ഗോബിന്ദ് സിംഗിൻറെ പുത്രന്മാരുടെ സമാനതകളില്ലാത്ത ധീരതയെയും ത്യാഗത്തെയും വീർബാൽ ദിവസിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുസ്മരിച്ചു. പോഷകാഹാര സേവനങ്ങളുമായി

ബന്ധപ്പെട്ട 'സുപോഷിത് ഗ്രാമപഞ്ചായത്ത്' അഭിയാൻറെ ഉദ്ഘാടനവും പ്രധാനമന്ത്രി ചടങ്ങിൽ നിർവ്വഹിച്ചു.

==========================================================

**<u>ബ്രേക്ക്..........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

==========================================================

## <u>SABARIMALA</u>

ശബരിമലയിൽ വ്രതശുദ്ധിയുടെ 41 ദിവസം നീണ്ട മണ്ഡലകാലത്തിന് സമാപനം കുറിക്കുന്ന മണ്ഡലപൂജ ഭക്തി നിർഭരമായ അന്തരീക്ഷത്തിൽ ഇന്ന് നടന്നു. ഉച്ചയ്ക്ക് 12 നും 12.30 ഇടക്കുള്ള മുഹൂർത്തത്തിൽ നടന്ന മണ്ഡലപൂജയ്ക്ക് തന്ത്രി കണ്ഠര് രാജീവര് മുഖ്യ കാർമികത്വം വഹിച്ചു. ഇന്നു രാത്രി 10 ന് നട അടയ്ക്കുന്നതോടെ മണ്ഡലകാലത്തിന് സമാപനമാകും. മകരവിളക്ക് മഹോത്സവത്തിനായി ഈ മാസം 30നാണ് വീണ്ടും നടതുറക്കുക. ജനുവരി 14-നാണ് മകരവിളക്ക്. സന്നിധാനത്ത് തിരക്ക് നിയന്ത്രണത്തിന്റെ ഭാഗമായി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഇന്നലെ വരെ 32 ലക്ഷം പേരാണ് മണ്ഡലകാലത്ത് ശബരിമലയിൽ ദർശനം നടത്തിയത്. മുൻ വർഷത്തെ അപേക്ഷിച്ച് നാല് ലക്ഷം പേരുടെ വർദ്ധനയാണ് തീർത്ഥാടകരുടെ എണ്ണത്തിൽ ഉണ്ടായത്.

==========================================================

## <u>TSUNAMI ANNIVERSARY</u>

കേരളത്തിലും തമിഴ്നാട്ടിലും ആയിരക്കണക്കിനാളുകളുടെ ജീവനെടുത്ത സുനാമി ആഞ്ഞടിച്ചിട്ട് ഇന്ന് 20 വർഷം പൂർത്തിയായി. ഇന്തോനേഷ്യയിലെ സുമാത്രയിൽ കടലിനടിയിലുണ്ടായ ഭൂകമ്പത്തെ തുടർന്ന് 2004 ഡിസംബർ 26- നാണ് ഭീതിപ്പെടുത്തുന്ന സുനാമി തിരമാലകൾ ദക്ഷിണേന്ത്യൻ തീരങ്ങളിലേക്കെത്തിയത്. കേരളത്തിൽ 236 പേർക്കും, തമിഴ്നാട്ടിൽ ഏഴായിരത്തോളം പേർക്കും സുനാമിയിൽ ജീവൻ നഷ്ടമായിരുന്നു.സംസ്ഥാന ചരിത്രത്തിലെ

ഏറ്റവും ഭീതിജനകമായ പ്രകൃതി ദുരന്തങ്ങളിൽ ഒന്നായാണ് സുനാമിയെ രേഖപ്പെടുത്തിയിരിക്കുന്നത്.

==============================================================

**DAY PM-SVAMITVA**

58 ലക്ഷം സ്വാമിത്വ ഭൂവുടമ കാർഡുകളുടെ വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കും. പത്ത് സംസ്ഥാനങ്ങളിലെ വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള ജനങ്ങൾക്കാണ് കാർഡുകൾ നൽകുന്നത്. പദ്ധതിയിലൂടെ രണ്ട് കോടി ഭൂവുടമ കാർഡുകളുടെ വിതരണം ഇതോടെ പൂർത്തിയാവും. ഗുണഭോക്താക്കളുമായി പ്രധാനമന്ത്രി ചടങ്ങിൽ സംവദിക്കും. കേന്ദ്ര പഞ്ചായത്തി രാജ് മന്ത്രി രാജീവ് രഞ്ജൻ സിങ്ങ്, സഹമന്ത്രി എസ്.പി സിങ്ങ് ബാദൽ എന്നിവരും ചടങ്ങിൽ സന്നിഹിതരാവും.

==============================================================

**MANN KI BAAT**

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പരിപാടി 'മൻ കീ ബാത്തിൻറെ 117-ാം പതിപ്പ് ഈ മാസം 29-ന്. പരിപാടിയ്ക്കായുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഈ മാസം 27 വരെ സമർപ്പിക്കാം. 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലും നരേന്ദ്ര മോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും അഭിപ്രായങ്ങൾ അറിയിക്കാം.

==============================================================

**DAY CRICKET-IND-AUS**

മെൽബണിൽ നടക്കുന്ന ഇന്ത്യ -ഓസ്ട്രേലിയ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റ് ആദ്യ ദിനം കളി അവസാനിക്കുമ്പോൾ ഓസിസ് 6 വിക്കറ്റ് നഷ്ടത്തിൽ 311 റൺസ് എന്ന നിലയിൽ . ടോസ് നേടിയ ഓസ്ട്രേലിയ ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു. അഞ്ച് മത്സരങ്ങളുള്ള

പരമ്പരയിൽ ഇരു ടീമുകളും ഓരോ മത്സരം വീതമാണ് വിജയിച്ചിരിക്കുന്നത്. ഒരു മത്സരം സമനിലയിൽ പിരിയുക ആയിരുന്നു.

================================================================

## SANTOSH TROPHY - QF

78-ാ മത് സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് രണ്ടു മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഒഡീഷ പശ്ചിമ ബംഗാളിനെ നേരിടുന്നു. രാത്രി 7.30 ന് നടക്കുന്ന മത്സരത്തിൽ ഡൽഹി മണിപ്പൂരിനെ നേരിടും. നാളത്തെ ക്വാർട്ടർ മത്സരങ്ങളിൽ കേരളം ജമ്മു കശ്മീരിനെയും മേഘാലയ നിലവിലെ ചാമ്പ്യന്മാരായ സർവീസസിനെയും നേരിടും.

================================================================
================================================================
================================================================